## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **09-10-2024 - ൽ മറുപടിയ്ക്ക്**

### അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി സംബന്ധിച്ച്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി 2023ൽ ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിക്കായുള്ള കിണർ നിർമ്മാണത്തിന്റെയും അനുബന്ധ പദ്ധതികളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 26/09/2023-ൽ 2321 ലക്ഷം തുക ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭ പദ്ധതിയിൽ രണ്ട് പ്രവൃത്തികളാണ് ഉള്ളത്.<br><br>* പയ്യന്നൂർ, നഗരസഭ പദ്ധതിക്കായിട്ടുള്ള കിണർ നിർമ്മാണത്തിന്റെയും അനുബന്ധ പ്രവർത്തികൾക്കുമുള്ള എഗ്രിമെന്റിൽ 01/08/2024-ന് ഒപ്പുവച്ചു. പ്രവൃത്തി ആരംഭഘട്ടത്തിലാണ്.<br><br>* പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും 7000 ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവൃത്തിയുടെ എഗ്രിമെന്റ് 15/06/2024 ന് വച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ പൈപ്പുകൾ ലഭ്യമാകുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തി എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്, വ്യക്തമാക്കാമോ; | (ബി) | രണ്ട് പ്രവർത്തികൾക്കും പ്രവൃത്തി ഉത്തരവ് ഇതിനോടകം നൽകിയിട്ടുണ്ട്. കിണറിന്റെ പ്രവൃത്തി പുഴയിലെ ജലനിരപ്പ് താഴുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. മെയ് 2025-ഓടെ പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ, വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ നിന്നും ഗാർഹിക ഉപഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് എല്ലാവർക്കും കണക്ഷൻ നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ